**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 785** **11-06-2024 - ൽ മറുപടിയ്ക്ക്**

**അഞ്ച് സെന്റ് ഭൂമിയിൽ താഴെയുള്ളവർക്ക് ലോൺ അവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സാധാരണക്കാരുടെ ആശ്രയവും അത്താണിയുമായ സഹകരണ സംഘങ്ങളിൽ നിന്ന് അഞ്ച് സെന്റ് ഭൂമിയിൽ താഴെയുള്ളവർക്കും ലോൺ കൊടുക്കാവുന്നതാണെന്നുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ പല സഹകരണ സംഘങ്ങളും വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ചില സഹകരണ സംഘങ്ങൾ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 57/2011 സർക്കുലർ പ്രകാരം മൂന്ന് സെന്റും അതിനുമുകളിലും കൈവശ വസ്തുവുള്ള അംഗങ്ങൾക്ക് വസ്തു ജാമ്യത്തിൽ അർഹമായ വായ്പ അനുവദിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) | പുനർഗേഹം പദ്ധതിയിൽ വീട് ലഭിച്ചവർക്ക് സഹകരണ സംഘങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | പുനർഗേഹം പദ്ധതിയിൽ വീട് ലഭിച്ചവർക്ക് സഹകരണ സംഘങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നുള്ളത് ശ്രദ്ധയിൽപെട്ടില്ല. |

സെക്ഷൻ ഓഫീസർ